

THURSDAY 19/03/2026 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/03/2026

1. കേരളത്തിലെ എല്ലാ കർഷകരും സ്വന്തം കൃഷിയിടത്തിൽ സൂക്ഷ്മജലസേചനം/മൈക്രോ ഇറിഗേഷൻ സംവിധാനം സ്ഥാപിക്കുന്നതിന് ലഭിക്കുന്ന സാമ്പത്തിക സഹായത്തിന് (സബ്സിഡി) ഓൺലൈനിൽ അപേക്ഷിക്കാം. കർഷകർ സ്വന്തമായോ, അക്ഷയകേന്ദ്രങ്ങൾ വഴിയോ https://pdmc.da.gov.in/KeralaMIS എന്ന വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ പരിഗണിക്കപ്പെടുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതരത്തിലാണ് പോർട്ടൽ സജ്ജീകരിച്ചിരിക്കുന്നത്. അപേക്ഷയ്ക്കായി ആധാർ കാർഡ്, ഭൂഉടമസ്ഥത തെളിയിക്കുന്ന രേഖകൾ, ബാങ്ക് വിവരങ്ങൾ എന്നിവയാണ് ആവശ്യമായരേഖകൾ. ഈ വർഷം ഓൺലൈനിനൊപ്പം കൃഷി എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുള്ള നിശ്ചിത ഫോർമാറ്റിൽ ഓഫ് ലൈൻ അപേക്ഷകളും സ്വീകരിക്കുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. എറണാംകുളം ജില്ലയിലെ പെരുമ്പാവൂർ ഒക്കൽ സ്റ്റേറ്റ് സീഡ് ഫാമിൽ വൈക്കോൽ കെട്ട് വിൽപനയ്ക്ക് ലഭ്യമാണ്. ഏകദേശം 20 കിലോഗ്രാം ഉള്ള ഒരു കെട്ടിന് 200രൂപയാണ് വില.

## പരിശീലന പരിപാടി

3. സെന്റർ ഫോർ ഇന്നോവേഷൻ ഇൻ സയൻസ് & സോഷ്യൽ ആക്ഷൻ (CISSA)-യുടെ ആഭിമുഖ്യത്തിൽ പുതുതായി കൂൺ കൃഷി ചെയ്യാൻ താത്പര്യമുള്ളവർക്കായി ഒരു ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 24.3.2026 ൽ തിരുവനന്തപുരം വെള്ളയമ്പലം ഉദാര ശിരോമണി റോഡിൽ സ്ഥിതി ചെയ്യുന്ന സിസ്സയുടെ ട്രെയിനിങ് ഹാളിൽ നടത്തുന്ന പരിപാടിയിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ 8129767116 എന്ന നമ്പറുമായി ബന്ധപ്പെടുക.

4. റബ്ബർപുകപ്പുരകൾ നിർമിക്കുന്നതിനെക്കുറിച്ചും നിലവിലുള്ളവയുടെ ന്യൂനതകൾ പരിഹരിക്കുന്നതിനെക്കുറിച്ചും അറിയുന്നതിന് റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. കർഷകരുടെ ചോദ്യങ്ങൾക്ക് റബ്ബർ ബോർഡിലെ ജോയിന്റ് ഡയറക്ടർ (എഞ്ചിനീയറിങ് & പ്രൊസസ്സിങ്) ടോംസൺ ഫ്രാൻസിസ് കെ., 2026

ff



മാർച്ച് 19 വ്യാഴാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഫോണിലൂടെ  മറുപടി നൽകും. കോൾസെന്റർ നമ്പർ 04812576622.

5. വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കൈറ്റിൽ വച്ച് **ശാസ്ത്രീയ  പച്ചക്കറി കൃഷി** എന്ന വിഷയത്തിൽ 2026 മാർച്ച് 23ന് (23.03.2026) നടത്തുന്ന ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന ഫോൺ നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ₹500/-. ആദ്യം രജിസ്റ്റർ ചെയ്യുന്ന 35 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

6. **കാർഷിക നിർദേശം**

കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ പയർ അല്ലെങ്കിൽ പച്ചില വളച്ചെടികളുടെ വിത്ത് പാകാവുന്നതാണ്. പയർ വിത്താണെങ്കിൽ ഹെക്ടറിന് ശരാശരി 60 കിലോഗ്രാമും, ഡെയിഞ്ച പോലുള്ള പച്ചില വളച്ചെടികൾക്ക് ഹെക്ടറിന് 20 കിലോഗ്രാം വിത്തും ആവശ്യമാണ്.